# പത്രക്കുറിപ്പ്
## ഓപ്പറേഷൻ നഗരവേട്ട

തിരുവനന്തപുരം സിറ്റിയിലെ ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്തുന്നതിനും ജനങ്ങളുടെ സമാധാനപൂർണ്ണമായ ജീവിതം ഉറപ്പു വരുത്തുന്നതിനുമായി തിരുവനന്തപുരം സിറ്റിയിൽ ഓപ്പറേഷൻ നഗരവേട്ട എന്ന പദ്ധതിക്ക് രൂപം നൽകി.

റെയ്ഞ്ച് ഐ.ജി. മനോജ് എബ്രഹാം ഐ.പി.എസ്സ്, തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി, സ്പർജൻ കുമാർ ഐ.പി.എസ്സ്, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) അരുൾ ബി.കൃഷ്ണ, പോലീസ് അസിസ്റ്റന്റ് കമ്മീഷണർമാർ, ഷാഡോ ടീം അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട യോഗത്തിലാണ് പദ്ധതിക്ക് രൂപം നല്കിയത്.

പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും, പിടികിട്ടാപുള്ളികളുടെയും ലിസ്റ്റ് പരിഷ്കരിച്ച് അടിയന്തിരമായി അറസ്റ്റ്ചെയ്യാനുള്ള നടപടി സ്വീകരിക്കും. അർഹരായവർക്കെതിരെ ബന്ധപ്പെട്ട നിയമം അനുസരിച്ച് സെക്യൂരിറ്റി നടപടികൾ സ്വീകരിക്കുന്നതാണ്.

മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെ പരമാവധി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതാണ്.

സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയും ഉള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ട എല്ലാ പ്രതികളെയും പിടികൂടുകയും തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതുമാണ്.

മണ്ണ്, മണൽ, ബ്ലേഡ് മാഫിയ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ടെക്നോപാർക്ക് കേന്ദ്രീകരിച്ച് സൈബർ സിറ്റി സബ്ഡിവിഷനിൽ പോലീസ് പട്രോളിംഗും നിരീക്ഷണങ്ങളും ശക്തിപ്പെടുത്താനും,പിങ്ക് പട്രോൾ, മൊബൈൽ പട്രോൾ, ഇവ കാര്യക്ഷമമാക്കി കൂടുതൽ പോലീസിനെ ഡ്യൂട്ടികൾക്കായി നിയോഗിക്കുന്നതാണ്.

കൊച്ചുവേളി റെയിൽവെ സ്റ്റേഷനിൽ പ്രീപെയ്ഡ് ആട്ടോ കൗണ്ടറും, കഴക്കൂട്ടം റെയിൽവെ സ്റ്റേഷനിൽ തിരക്ക് സമയത്ത് പോലീസ് സാന്നിധ്യവും ഉറപ്പു വരുത്തുന്നതാണ്.

സ്നാച്ചിംഗ് കേസ്സുകൾ തടയുന്നതിനായി മഫ്തി പട്രോളിംഗ് ശക്തിപ്പെടുത്തി പ്രതികളെ അറസ്റ്റ് ചെയ്യാനും നടപടി സ്വീകരിക്കുന്നതാണ്.

പരമാവധി വനിത പോലീസിനെ രാവിലെയും വൈകിട്ടും ബീറ്റ് ഡ്യൂട്ടിക്കായി നിയോഗിക്കുന്നതാണ്.

Office of the District Police Chief
Thiruvananthapuram City

ജില്ലാപോലീസ് മേധാവി
തിരുവനന്തപുരം സിറ്റി